"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മരണപ്പെട്ട സുബേദാർ സുരേന്ദ്രൻ എം ന്റെ ഭാര്യ ശ്രീമതി അശ്വതി പട്ടേരി-യ്ക്ക് കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.11/2024/SWD തീയതി,തിരുവനന്തപുരം, 29-07-2024

പരാമർശം:-

1. 29.04.2002 ലെ G.O(P) No.110/2002/GAD നമ്പർ ഉത്തരവ്
2. ശ്രീമതി അശ്വതി പട്ടേരി യുടെ 22.07.2022 ലെ അപേക്ഷ.
3. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.04.2024 ലെ ഡി.എസ്.ഡബ്ല്യൂ/490/2022/സി-2 നമ്പർ കത്ത്.

**ഉത്തരവ്**

1. സൈനിക സേവനത്തിലിരിക്കുന്ന ജവാന്മാരോ, മിലിട്ടറിയുമായി അറ്റാച്ചായിരിക്കുന്ന GREF ജവാന്മാരോ ഓപ്പറേഷണൽ ഏര്യായിലോ/ഫീൽഡ് ഏര്യയിലോ വച്ച് ഹൈ ആൾറ്റിറ്റ്യൂഡ് കാരണമോ, മോശമായ കാലാവസ്ഥ മൂലമോ, ഓപ്പറേഷണൽ ഏര്യായിലോ/ ഫീൽഡ് ഏര്യയ്ക്കുള്ളിലോ വച്ചുണ്ടാകുന്ന മൈൻ സ്ഫോടനത്തിലോ, കെണിയിൽപ്പെട്ടോ, വാഹനാപകടത്തിലോ കൊല്ലപ്പെടുകയോ/ 50 ശതമാനത്തിലേറെ അംഗഭംഗം സംഭവിക്കുകയോ/കാണാതാകുകയോ ചെയ്യുന്ന സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ജവാന്റെ ഒരു ആശ്രിതന്/ആശ്രിതയ്ക്ക് സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലാസ്സ് III/ IV കാറ്റഗറിയിലെ താഴ്ന്ന ഗ്രേഡിൽ തൊഴിൽ സഹായം ലഭിക്കുന്നതിന് അർഹതയുണ്ട്.

2. സൈനിക സേവനത്തിനിടെ 18.02.2022 ന് ജമ്മുകാശ്മീരിലെ ലേ യിൽ വച്ച് മരണപ്പെട്ട സുബേദാർ സുരേന്ദ്രൻ എം ന്റെ ഭാര്യ ശ്രീമതി അശ്വതി പട്ടേരി പ്രസ്തുത ഉത്തരവിൻപ്രകാരം തൊഴിൽ സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ പരിശോധിച്ച് സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും സുബേദാർ സുരേന്ദ്രൻ എം ന്റെ മരണം, 18.02.2022 ന് ജമ്മു കാശ്മീരിലെ ഹൈ ആൾറ്റിട്യൂട് ഏരിയ ആയ ലേ യിൽ വച്ച് ഹൈ ആൾറ്റിട്യൂട് ഏരിയയിൽ സേവനം അനുഷ്ഠിക്കുമ്പോൾ ഉണ്ടാകാവുന്ന ഹൃദയാഘാതത്തെ (Mayocardial Infarction leading to Cardiorespiratory arrest and death) തുടർന്ന് സംഭവിച്ചതാണെന്നും മരണം ഫീൽഡ് ഏരിയയിൽ വച്ച് സംഭവിച്ചതാണെന്ന് ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ സീനിയർ റെക്കോർഡ്സ് ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണെന്നും തൊഴിൽ സഹായം സംബന്ധിച്ച ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സുബേദാർ സുരേന്ദ്രൻ

എം ന്റെ ഭാര്യ ശ്രീമതി അശ്വതി പട്ടേരിയ്ക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ തൊഴിൽ സഹായം ലഭിക്കുന്നതിന് അർഹതയുള്ളതാണെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഈ വിഷയം പരിശോധിച്ചു. തൊഴിൽ സഹായം നൽകുന്നതിന് അനിവാര്യ രേഖയായ, ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം സുബേദാർ സുരേന്ദ്രൻ എം ന്റെ മരണം സൈനിക സേവനത്തിനിടെ ജമ്മുകാശ്മീരിലെ ഹൈ ആൾറ്റിട്യൂട് ഏരിയ ആയ ലേ യിൽ വച്ച് (ഫീൽഡ് ഏരിയ) ഹൃദയാഘാതത്തിനെ (Mayocardial Infarction leading to Cardiorespiratory arrest and death) തുടർന്ന് സംഭവിച്ചതാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടിയാന്റെ ഭാര്യ ശ്രീമതി അശ്വതി പട്ടേരി യുടെ ജനന തീയതി 01.05.1981 ആണെന്നും ടിയാരിയ്ക്ക് ക്ലാർക്ക് തസ്തികയിൽ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യതയുള്ളതാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

5. ഈ സാഹചര്യത്തിൽ സൈനിക സേവനത്തിനിടെ ജമ്മുകാശ്മീരിലെ ലേ യിൽ വച്ച് മരണപ്പെട്ട കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ എടക്കാട് വില്ലേജിൽ കുറ്റിക്കകം(പി.ഒ), ശ്രീകിരണിനിൽ സുരേന്ദ്രൻ എം ന്റെ ഭാര്യ ശ്രീമതി അശ്വതി പട്ടേരിയ്ക്ക് പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ ജില്ലയിൽ ഏതെങ്കിലും സർക്കാർ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. കണ്ണൂർ ജില്ലയിൽ ക്ലാർക്കിന്റെ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി ആർ
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്-

1. ശ്രീമതി അശ്വതി പട്ടേരി, ശ്രീകിരൺ, എടക്കാട്, കുറ്റിക്കകം പി.ഒ, കണ്ണൂർ-670 663 (രജിസ്റ്റേർഡ് തപാലിൽ അക്നോളജ്മെന്റ് സഹിതം)
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
6. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Jenshar B
സെക്ഷൻ ഓഫീസർ
Date: 29-07-2024 12:41:46